**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388** **08-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഡയറ്റിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഡയറ്റിൽ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ട്രെയിനിംഗ്) എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഡയറ്റിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കുടിശിക ആയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് ഉൾപ്പെടെയുള്ള സംസ്ഥാനത്തിലെ എല്ലാ ഡയറ്റുകൾക്കും 2025 ആഗസ്റ്റ് മാസം വരെയുള്ള ശമ്പളം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ശമ്പളവും ആനുകൂല്യവും ലഭിക്കാത്തത് കാരണം ജീവനക്കാർക്ക് ഉണ്ടായ പ്രയാസങ്ങളും മാനസിക സംഘർഷങ്ങളും സർക്കാർ വിലയിരുത്തുമോ; ശമ്പളവും ആനുകൂല്യങ്ങളും പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | ഡയറ്റുകൾക്ക് 2018 സാമ്പത്തിക വർഷം മുതൽ കേന്ദ്ര വിഹിതം എസ്.എസ്.കെ മുഖാന്തരമാണ് ലഭിച്ചു വന്നിരുന്നത്. കേന്ദ്ര സംസ്ഥാന വിഹിതം 60 : 40 എന്ന രീതിയിലാണ് ഡയറ്റുകൾക്ക് ലഭ്യമായിരുന്നത്. എന്നാൽ നിലവിൽ കേന്ദ്ര വിഹിതം ഒന്നും തന്നെ ലഭിക്കുന്നില്ല. ആയതിനാൽ 2024 ഏപ്രിൽ മാസം മുതൽ 2025 ആഗസ്റ്റ് മാസം വരെയുള്ള ഡയറ്റ് ജീവനക്കാരുടെ ശമ്പളം (100%) സംസ്ഥാന സർക്കാരാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ